പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2522 14.12.2015 ൽ മറുപടി പറയേണ്ടത്

## രോഗിയോട് ഡോക്ടറുടെ ക്രൂരമായ പെരുമാറ്റം

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ് : | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും 23.11.2015 ൽ റഫർ ചെയ്ത് എസ്.എ.ടി. ആശുപത്രിയിൽ എത്തിയ ശ്രീമതി.ഷെർളി പ്രഭയെ കാഷ്വാലിറ്റി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ പരിഗണിച്ചില്ലെന്നും ഒ.പി. ടിക്കറ്റ് വാങ്ങി കീറി കളയുകയും ചെയ്തു എന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് രോഗിയുടെ സഹോദരൻ സൂപ്രണ്ടിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സൂപ്രണ്ട് സ്വീകരിച്ചിട്ടുള്ള നടപടി പകർപ്പ് സഹിതം ലഭ്യമാക്കുമോ; | (എ) & (ബി)<br>ഉണ്ട്. പ്രസ്തുത പരാതിയിന്മേൽ എൻക്വയറി നടത്തുകയും പ്രസ്തുത ഡോക്ടർക്ക് മെമ്മോ കൊടുക്കുകയും അതിനുള്ള മറുപടി ലഭിക്കുകയും അത് സൂപ്രണ്ട് പ്രിൻസിപ്പലിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ നടപടി ആയിട്ടില്ല. |
| (സി) പരാതി സംഗതി നടന്ന സമയം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ ആരാണെന്നും ജില്ലയിൽ എത്രകാലമായി ജോലി നോക്കുന്നുവെന്നും വ്യക്തമാക്കുമോ;<br>(ഡി) പരാതിക്കാരെ വിളിപ്പിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) & (ഡി)<br>വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) നിർദ്ധനയായ രോഗിയോട് ക്രൂരമായി പെരുമാറിയ ഡോക്ടർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ